**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6862** **21-03-2023 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ വിജിലൻസ് പരിശോധന നടത്താൻ ഇടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ പരിശോധനകൾ നടത്തി വരുന്നുണ്ട്. ഉദ്യോഗസ്ഥർക്കെതിരെ ലഭിച്ച പരാതികളുടെയും വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് ലഭിച്ച രഹസ്യ വിവരങ്ങളുടെയും അടിസ്ഥാനത്തിലാണ് മിന്നൽ പരിശോധനകൾ നടത്തിയിട്ടുള്ളത് എന്ന് വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ കൈക്കൂലിക്കേസിൽ റവന്യൂ വകുപ്പിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ വിജിലൻസ് ആന്റി കറപ്ഷൻ ബ്യൂറോ റവന്യൂ വകുപ്പിൽ നടത്തിയ 347 മിന്നൽ പരിശോധനകളിൽ കൈക്കൂലി ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട പരാതിയുടെ അടിസ്ഥാനത്തിൽ 38 ഉദ്യോഗസ്ഥർക്കെതിരെ ട്രാപ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ